**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീ. സന്ദീപ്. കെ. ജി, ശ്രീമതി. ശ്രീലത. പി.ആർ എന്നിവർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം രണ്ടാം നോൺ കേഡർ പ്രൊമോഷൻ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ.(സാധാ) നം.3248/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 27.12.2018

---

പരാമർശം:- 1. സ.ഉ(പി) നം.536/2012(116)/ധന തീയതി 29.09.2012
2. സ.ഉ(സാധാ) നം.3584/2017/തസ്വഭവ തീയതി 06.11.2017.
3. സ.ഉ(സാധാ) നം.1564/2018/തസ്വഭവ തീയതി 07.06.2018.
4. തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 04.10.2018 -ലെ ഇ 1/9325/2012/സി.ഇ/തസ്വഭവ നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീ. സന്ദീപ്. കെ. ജി, ശ്രീമതി. ശ്രീലത. പി.ആർ എന്നിവർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം രണ്ടാം നോൺ കേഡർ പ്രൊമോഷൻ യഥാക്രമം 03.12.2012, 24.08.2016 എന്നീ തീയതി പ്രാബല്യത്തിൽ അനുവദിക്കണമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം(4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 03.12.1997 ന് അസി.എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ച ശ്രീ. സന്ദീപ്. കെ. ജി, 02.12.2012 ന് 15 വർഷത്തെ മൊത്തം സേവനം പൂർത്തിയാക്കിയിട്ടുണ്ട്. ടിയാന് പരാമർശം (2) ഉത്തരവ് പ്രകാരം എക്സി.എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്. ടിയാന് രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് ഇതുവരെയും അനുവദിച്ചിട്ടില്ല.

24.08.2001 ന് അസി.എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ച ശ്രീമതി. ശ്രീലത. പി.ആർ 23.08.2016 ന് 15 വർഷത്തെ മൊത്തം സേവനം പൂർത്തിയാക്കിയിട്ടുണ്ട്. ടിയാൾക്ക് പരാമർശം (3) ഉത്തരവ് പ്രകാരം എക്സി.എഞ്ചിനീയറായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്. ടിയാൾക്കും രണ്ടാം സമയബന്ധിത ഹയർ ഗ്രേഡ് ഇതുവരെയും അനുവദിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ, എക്സിക്യൂട്ടീവ് എഞ്ചിനീയർമാരായ ശ്രീ. സന്ദീപ്. കെ. ജി, ശ്രീമതി. ശ്രീലത. പി.ആർ എന്നിവർക്ക് കരിയർ അഡ്വാൻസ്മെന്റ് സ്കീം പ്രകാരം യഥാക്രമം 03.12.2012, 24.08.2016 തീയതി പ്രാബല്യത്തിൽ യഥാക്രമം 36140-49740, 68700-110400 രൂപ ശമ്പള സ്കെയിലിൽ കെ. എസ്. ആർ ഭാഗം I ചട്ടം 28 എ പ്രകാരമുള്ള ശമ്പള നിർണ്ണയ ആനുകൂല്യത്തോടെ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി രണ്ടാം നോൺ കേഡർ പ്രൊമോഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. എക്സി.എഞ്ചിനീയറായി

പ്രൊമോഷൻ ലഭിച്ചതിനെത്തുടർന്നുള്ള ടി ഉദ്യോഗസ്ഥരുടെ ശമ്പളം കെ. എസ്. ആർ ഭാഗം I ചട്ടം 30 പ്രകാരം ക്രമീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീജിത്ത്. വി.പി**
അണ്ടർ സെക്രട്ടറി

1 ബന്ധപ്പെട്ട ജീവനക്കാർക്ക് (ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന)
2 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3 അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തൃശ്ശൂർ
4 എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5 വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6 കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.